ശ്രീ. ഒ. കോരൻ: അതിന് പെട്ടെന്ന് ഉത്തരം പറയാൻ സാധിക്കുകയില്ല.

ശ്രീ. സി. എം. കുട്ടി: വളം വിതരണകാര്യത്തിൽ എഫ്. എ. സി. ഐ. മാത്രമല്ലാതെ മറ്റു ഏജൻസികളെ കൂടി ഈ രംഗത്തേക്ക് കൊണ്ടു വരാമോ?

ശ്രീ. ഒ. കോരൻ: അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

ഇലക്ട്രിക് കണക്ഷൻ

* 180 (701) ശ്രീ. എ. കെ. അപ്പു:

,, പി. എസ്. നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) എസ്റ്റിമേറ്റു തയ്യാറാക്കുകയും കക്ഷികൾ മിനിമം ഗാരണ്ടി നൽകുകയും ചെയ്തുകഴിഞ്ഞിട്ടും വിദ്യുച്ഛക്തി നൽകാൻ നടപടി ആരംഭിച്ചിട്ടില്ലാത്ത എത്ര പണി ഫെബ്രുവരി 1–ാം തീയതി നിലവിൽ ഉണ്ട്;

(ബി) മൂന്നു മാസത്തിലധികം പഴക്കമുള്ള അപേക്ഷകൾ ജില്ലാ അടിസ്ഥാനത്തിൽ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി ഉപയോഗിക്കുവാൻ കഴിയാത്ത രീതിയിൽ, എല്ലാ നടപടികളും, പൂർത്തിയാക്കിക്കഴിഞ്ഞിട്ടും, ചില ഉപകരണങ്ങളുടെ അഭാവംകൊണ്ട് അനേകായിരം അപേക്ഷകൾ ഇലക്ട്രിസിറ്റി ബോർഡിൽ കെട്ടിക്കിടക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വേണ്ടത്ര അലൂമിനിയം കമ്പിയില്ലാത്ത കാരണത്താൽ പണി പൂർത്തിയായിട്ടുപോലും ഉപഭോക്താക്കൾക്ക് വിദ്യുച്ഛക്തി കിട്ടാതെ വിഷമിക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഈ) നടപടിക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞാൽ ചുരുങ്ങിയത് മൂന്നു മാസത്തിനുള്ളിൽ കണക്ഷൻ നൽകാൻ ആവശ്യമായ നടപടികൾ എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): (എ,ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) കാലതാമസം ഒഴിവാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. പി. എസ്. നമ്പൂതിരി: ഇൻഡ്യാഗവൺമെൻറിന്റെ റിപ്പോർട്ടിലുള്ളത് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളാ ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ മുൻപന്തിയിൽ എത്തിയിട്ടുണ്ടെന്നാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് പല ഗ്രാമങ്ങളിലും ഇന്നും ഇലക്ട്രിസിറ്റി കിട്ടാതെയിരിക്കുകയാണ്. ഈ അവസരത്തിൽ നമുക്ക് ഇനി എത്ര കൂടുതൽ ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നും ആവശ്യമായിട്ടുള്ള കണക്ഷൻ എല്ലാ സ്ഥലത്തും കൊടുക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാൻ കഴിയുമെന്നും പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: ഇനിയും വളരെയേറെ വിദ്യുച്ഛക്തി വികസനത്തിനുള്ള സാദ്ധ്യതയുണ്ട്. കാരണം ധാരാളം പൗവ്വറുണ്ട്. ലൈൻനീട്ടുന്നതിന് ആവശ്യമായിട്ടുള്ള സാധനങ്ങളുടെ കുറവു മാത്രമാണ് ഇപ്പോഴും ബുദ്ധിമുട്ടുണ്ടാക്കുന്നത്. അലൂമിനിയം കിട്ടാനുള്ള വിഷമവും പോസ്റ്റുകളും കിട്ടാനുള്ള വിഷമവുമാണ്. അതു കഴിയുന്നതും വേഗം പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പ്രായോഗികമായി എന്തു ചെയ്യാൻ സാധിക്കുമെന്ന് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. എസ്. നമ്പൂതിരി: ഗാന്ധിശതാബ്ദി പ്രമാണിച്ച് കുറെ ഗ്രാമങ്ങളെ വൈദ്യുതീകരിക്കുന്നതിന് പ്രത്യേകം പണി നീക്കിവച്ചിരുന്നു. അതിനാവശ്യമായ സാധനങ്ങളും കൂടി നൽകാത്തതുകൊണ്ടായിരുന്നോ ആ പദ്ധതി വേണ്ടത്ര ഫലപ്രദമാക്കാൻ കഴിയാത്തത്?

ശ്രീ. സി. അച്യുതമേനോൻ: ആ പദ്ധതി ഗവൺമെന്റു അംഗീകരിച്ചിട്ടുണ്ട്. അതായത് മുന്നൂറു ഗ്രാമങ്ങളെ വൈദ്യുതീകരിക്കുന്നതിനും ഇരുന്നൂറു പുതിയ കേന്ദ്രങ്ങളിൽ ഇലക്ട്രിസിറ്റി വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതിയാണ്. ആവശ്യമായ സാധനങ്ങളും കിട്ടിയില്ലെങ്കിലും ആ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയില്ല. സാധനങ്ങളും കിട്ടാനുള്ള ബുദ്ധിമുട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ അടുക്കൽ നിവേദനം നടത്തുകയും എഴുതുകയും ചെയ്യാമെന്നുള്ളതല്ലാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ആർ. സി. സി. പോസ്റ്റ് നിർമ്മിക്കുന്നതിലുള്ള കാലതാമസമാണ് പ്രധാനമായി ലൈൻ നീട്ടുന്നതിനുള്ള തടസ്സമെന്നു മനസിലാക്കി ആർ. സി. സി. പോസ്റ്റ് നിർമ്മിക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അതാണ് ഞാൻ നേരത്തേ പറഞ്ഞത്, ഇതിനുമുമ്പു തേക്കിൻകാൽ കിട്ടാനുള്ള ബുദ്ധിമുട്ടായിരുന്നു, അപ്പോഴും കാൺക്രീറ്റു പോസ്റ്റുകളും നിർമ്മിക്കാനുള്ള ഏർപ്പാടു ചെയ്തു, വീണ്ടും ബുദ്ധിമുട്ട് നേരിട്ടിരിക്കുന്നത് അതിനാവശ്യമായ കമ്പി കിട്ടാനുള്ള ബുദ്ധിമുട്ടാണ്.

ശ്രീ. എ. വി. കുട്ടികൃഷ്ണൻനായർ: ഉപകരണങ്ങളും പലതും കിട്ടാത്തതിന്റെ പേരിൽ കോഴിക്കോട് പ്രദേശത്തെ വളരെയധികം പ്രവർത്തികളും സ്തംഭനത്തിലാണെന്നും, അതു പരിഹരിക്കുന്നതിന് നടപടികളെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ഡി. ഡി. സി. പ്രമേയം പാസാക്കിയിട്ടുള്ളതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ കാര്യത്തിൽ എന്തു നടപടിയെടുത്തു എന്നു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: കോഴിക്കോട് ഡി. ഡി. സി. യുടെ പ്രമേയം എന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല. പ്രത്യേകമായി പെട്ടിട്ടില്ലെങ്കിലും അതുപോലുള്ള അനവധി നിവേദനങ്ങളും കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അതേ സംബന്ധിച്ച് ഗവൺമെന്റിന് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നുള്ളതിനെപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. എ. മജീദ്: ഉരുക്കുൽപ്പാദനം വർദ്ധിപ്പിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ എം. എസ്. റാഡ് കിട്ടാതിരിക്കുന്നത് കൃത്രിമമായി ക്ഷാമം ഉണ്ടാക്കുന്നതുകൊണ്ടല്ലേ. ഇതിനെതിരായി കേന്ദ്രഗവൺമെന്റിന് വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: കാരണമെന്താണെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ ധാരണ എനിക്കില്ല. ഉരുക്കുൽപ്പാദന മില്ലുകളിലുണ്ടാക്കുന്ന സാധനങ്ങളുത്രയും ഇപ്പോഴും കൺട്രോളില്ലാത്തതുകൊണ്ട് പലആളുകളും മേടിക്കുന്നുണ്ട്. എന്നാൽ നമുക്ക് കിട്ടാൻ വിഷമമുണ്ട്. അതിന്റെ കാരണമെന്താണെന്നു എനിക്കു വ്യക്തമായി പറയാൻ കഴിയുകയില്ല. അത് എന്താണെന്നു പരിശോധിച്ച് കഴിയുന്നിടത്തോളം കൂടുതൽ കിട്ടുന്നതിന് ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: മൂന്നു മാസത്തിൽ കൂടുതൽ പഴക്കമുള്ള മിനിമം ഗ്യാരണ്ടിയെ സംബന്ധിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ലെന്നു പറഞ്ഞു. 1962—ൽ മിനിമം ഗ്യാരണ്ടി കൊടുക്കുകയും ലൈൻ വലിക്കുകയും ചെയ്ത സ്ഥലങ്ങളിൽ പോലും ഇതുവരെയായി കണക്ഷൻ കിട്ടിയിട്ടില്ല. എട്ടു കൊല്ലമായി ലൈൻവലിച്ച് മറ്റു ജോലികളെല്ലാം പൂർത്തിയായിക്കിടക്കുന്ന ഇത്തരം സ്ഥലങ്ങളിലെങ്കിലും ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ. സി. അച്യുതമേനോൻ: പ്രത്യേക ദൃഷ്ടാന്തങ്ങളും ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടികളെടുക്കുന്നതാണ്. ഓരോ ഡിസ്ട്രിക്ടിലും, ഓരോ ഡിവിഷനിലും എത്രവീതം അപേക്ഷകരുണ്ടെന്നുള്ളതിനെപ്പറ്റിയുള്ള വിശദവിവരം ചോദിച്ചിരുന്നു. മൊത്തത്തിൽ 16,437 കണക്ഷനുള്ള അപേക്ഷകരും പെൻറിംഗാണെന്നാണ് വിവരം ലഭിച്ചിട്ടുള്ളത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: കോഴിക്കോട് ജില്ലയിൽ വേണ്ടത്രതൊഴിലാളികളില്ലാത്തതുകൊണ്ട് 300—ഓളം തൊഴിലാളികളെ പുതുതായി നിയമിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ബോർഡിനെഴുതിയിട്ട് നിരവധി മാസങ്ങളായി. അതിന്റെ നിയമനം നടത്തിയിട്ടില്ലെന്നു കഴിഞ്ഞ വികസന സമിതി യോഗത്തിൽ പറയുകയുണ്ടായി. ഇതുവരെയായി നിയമനം നടത്താതിരിക്കാനുള്ള കാരണമെന്താണെന്നു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: അതേ സംബന്ധിച്ച് ഇപ്പോഴും പറയാൻ പറ്റുകയില്ല. ബഹുമാനപ്പെട്ട മെമ്പർ ആ വിവരം അറിയിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ അതേപ്പറ്റി അന്വേഷിച്ച് വേണ്ട നടപടികളെടുക്കാം.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: കഴിഞ്ഞ എത്രയോ പ്രാവശ്യമായി കോഴിക്കോട് ജില്ലാവികസന സമിതി യോഗത്തിൽ ഈ വിവരം പറയുകയായിരുന്നു. കഴിഞ്ഞ തവണ ഇതേസംബന്ധിച്ച് ജില്ലാവികസന സമിതി യോഗം ഒരു പ്രമേയം പാസാക്കി അയച്ചു. ഈ നിയമനം നടത്തുന്നതിനു തടസ്സമായി നിൽക്കുന്ന വസ്തുത എന്താണെന്നു പറയാമോ?

മി. സ്പീക്കർ: വിവരം കൊടുത്താൽ അന്വേഷിക്കാമെന്നു പറഞ്ഞല്ലോ.

ശ്രീ. ഈ. കെ. ഇമ്പിച്ചിബാവ: നമ്മുടെ സംസ്ഥാനത്തിലെ വിദ്യുച്ഛക്തിയിൽ എത്ര ശതമാനമാണ് സംസ്ഥാനത്തിനു പുറത്തു നൽകുന്നത്?

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസ്കൂടാതെ പറയാൻ കഴിയുകയില്ല. കുറച്ച് തമിഴ്നാടിനു കൊടുക്കുന്നുണ്ട്.

ശ്രീ. സി. കണ്ണൻ: കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന അലൂമിനിയം കമ്പിയും മറ്റും മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയക്കുന്നുണ്ടെന്നുള്ളത് ശരിയാണോ? ഉണ്ടെങ്കിൽ അതു തടയാനുള്ള നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസില്ലാതെ പറയാൻ കഴിയുകയില്ല.

ശ്രീ. സി. കണ്ണൻ: അങ്ങനെ കയറി അയക്കുന്നതുകൊണ്ടാണ് കണ്ണൂർ ജില്ലയിൽ വേണ്ടത്ര അലൂമിനിയം കമ്പി കിട്ടാത്തതെന്നും ആ ഭാഗങ്ങളിലേക്ക് കറണ്ട് നൽകാൻ സാധിക്കാത്തതെന്നും ബോർഡധികൃതർ പറയുന്നത് ശരിയാണോ? അതേപ്പറ്റി അന്വേഷണം നടത്തുമോ?

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മെംബർ പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷിച്ച് വേണ്ട നടപടികളെടുക്കാം.

ശ്രീ. എ. എസ്. പുരുഷോത്തമൻ: കുടികിടപ്പുകാർക്കും അതുപോലെതന്നെ ഭൂമിയില്ലാത്തവർക്കും വസ്തു ഉടമസ്ഥൻമാരുടെ കൺസൻറ് വേണമെന്നുള്ളതുകൊണ്ടാണ് കണക്ഷൻ കിട്ടാൻ സാധിക്കാത്തതെന്നു പറയുന്നു. അവർ കൺസൻറ് കൊടുക്കാത്തതുകൊണ്ട് പല കുടികിടപ്പുകാർക്കും കണക്ഷൻ കിട്ടുന്നില്ല. അതേപ്പറ്റി അന്വേഷിച്ച് വേണ്ട നടപടിയെടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ഈ പ്രശ്നം പരിശോധിക്കാം.

ശ്രീ. എ. വി. കുഞ്ഞമ്പു: കാർഷികമേഖലയിൽ ഇലക്ട്രിസിറ്റി പമ്പുകൾ ഉപയോഗിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് എത്രയോ അധികം സ്ഥലങ്ങൾ വിളനിലമാക്കാൻ കഴിയാതെ വരുന്നുണ്ട്. അതിൻറെ ഫലമായി ഭക്ഷ്യക്ഷാമം ഉണ്ടാകുന്നുണ്ടെന്നുള്ള വസ്തുത മനസിലാക്കിക്കൊണ്ട് കാർഷികമേഖലയിൽ പ്രത്യേകമായി ഇലക്ട്രിസിറ്റി കൊടുക്കത്തക്കവിധത്തിൽ വേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. അതുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്തിൻറെ നാനാഭാഗങ്ങളിൽനിന്നും ഇലക്ട്രിസിറ്റി കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ കിട്ടിക്കൊണ്ടിരിക്കുന്നത്. ഈ ഗാന്ധി ജൻമ ശതാബ്ദി വർഷത്തിൽ 300 പുതിയ വില്ലേജുകളിൽകൂടി ഇലക്ട്രിസിറ്റി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൻറെ ഫലമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ ഒന്നു ഞാൻ ഇവിടെ പറഞ്ഞു. ആ ബുദ്ധിമുട്ടുകൾ എങ്ങനെ പരിഹരിച്ചുകൊണ്ടു പോകാമെന്നുള്ളതിനെപ്പറ്റി ആലോചിച്ച് വേണ്ട നടപടികളെടുക്കാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: നമ്മുടെ സംസ്ഥാനത്തെ വിദ്യുച്ഛക്തി പ്രോജക്ടുകളിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന വിദ്യുച്ഛക്തിയിൽ ഡിസ്ട്രിബ്യൂഷൻ ലൈനിൻറെ അഭാവംകൊണ്ട് എത്ര ശതമാനം ഉപയോഗിക്കപ്പെടാതിരിക്കുകയാണെന്നു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: എത്ര ശതമാനമെന്നുള്ളത് നോട്ടീസ് കൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. കെ. രാജൻ: പല ലൈൻ എക്സറൻഷൻ പണികളും കഴിഞ്ഞിട്ടും ഇലക്ട്രിസിറ്റി കൊടുക്കാത്തത് ഇലക്ട്രിക്കൽ ഇൻസ്പെക്ടരുടെ സർട്ടിഫിക്കറ്റ് കിട്ടാത്തതുകൊണ്ടാണെന്നു പറയുന്നു. അങ്ങനെയാണെങ്കിൽ ആ കാര്യം പരിശോധിച്ച് എത്രയുംവേഗം ഇലക്ട്രിസിറ്റി കൊടുക്കുന്നതിനു വേണ്ട നടപടികളെടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ ഉണ്ടോ എന്നറിയുകയില്ല. ഏതായാലും ഇലക്ട്രിക്കൽ വിംഗിൻറെ ഇൻസ്പെക്ഷൻ സർട്ടിഫിക്കറ്റ് കിട്ടണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: വ്യവസായസ്ഥാപനങ്ങളുടെ അപേക്ഷക്ക് പ്രയോറിട്ടികൊടുത്ത് അവർക്ക് എത്രയുംവേഗം കണക്ഷൻ നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ആ വിവരവും നോട്ടീസ് കൂടാതെ പറയാൻ കഴിയുകയില്ല.

ശ്രീ. എം. കെ. ജോർജ്: നമ്മുടെ രാജ്യത്ത് ആവശ്യമുള്ള എലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നുണ്ടെങ്കിലും വിതരണം ചെയ്യാൻ കഴിയാതിരിക്കുന്നത് കമ്പിയും കാലുമില്ലാത്തതുകൊണ്ടാണെന്നാണ് പറയുന്നത്. ഒരു പദ്ധതി ഉണ്ടാക്കുമ്പോൾ അതു വിതരണം ചെയ്യുന്നതിനുള്ള നടപടികൂടി എടുക്കാതെ ഇത്തരം തെറ്റായ നയങ്ങൾ നടപ്പിലാക്കുന്നത് പുന:പരിശോധിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: കമ്പിയുടെയും കാലിന്റെയും കാര്യം മാത്രമല്ലയുള്ളത്. മുമ്പ് ഇതേസംബന്ധിച്ച് ശ്രീ. കെ. പി. ശ്രീധരൻ നായർ നടത്തിയ അന്വേഷണ റിപ്പോർട്ട് ഞാൻ കണ്ടു. എലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നതിന് വളരെയധികം പണം ചെലവുചെയ്തത് എലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുകയും പക്ഷേ സമയത്ത് അവ വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ വേണ്ടതുപോലെ ചെയ്യാത്തതിന്റെ കുഴപ്പങ്ങളുമാണ് ഈ സംസ്ഥാനത്തുണ്ടായിരിക്കുന്നതെന്നും ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. അതു പരിഹരിക്കാൻ നടപടികളെടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി: ഗാന്ധി ശതാബ്ദിയാഘോഷത്തോടനുബന്ധിച്ച് കേരളത്തിൽ 300 ഗ്രാമങ്ങൾ വൈദ്യുതീകരിക്കണമെന്നു പറഞ്ഞു. ഇവിടെമാത്രം പണി നടക്കാതിരിക്കുകയും മറ്റു സംസ്ഥാനങ്ങളിൽ ഇതിന്റെ പണി നടക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ ഇവിടത്തെ ഗവൺമെന്റ് മനപ്പൂർവ്വം ഈ കാര്യത്തിൽ തടസ്സമുണ്ടാക്കുന്നതാണോ അല്ലെങ്കിൽ ആവശ്യമായ അലുമിനിയം കിട്ടാത്തതിന്റെ ഫലമായിട്ടാണോ ഇത് ഉണ്ടായിട്ടുള്ളത്?

ശ്രീ. സി. അച്യുതമേനോൻ: മറ്റു സംസ്ഥാനങ്ങളിൽ എത്രത്തോളം പുരോഗമിച്ചിട്ടുണ്ട്, അവിടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ഈ പണി പുരോഗമിച്ചിട്ടില്ല എന്നുള്ളതൊന്നും പറയാൻ സാദ്ധ്യമല്ല. കാരണം അതേപ്പറ്റിയുള്ള വിവരം എന്റെ കൈവശമില്ല. ഇവിടെ ഞാൻ മുമ്പു പറഞ്ഞതുപോലെ കൂടെ കേന്ദ്രങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അതിലുണ്ടാകുന്ന ചില തടസ്സങ്ങളുടെ കാര്യം ഇവിടെ പറഞ്ഞു. ആ തടസ്സങ്ങൾ നീക്കുന്നതിന് നമുക്കുമാത്രം ചെയ്യാൻ സാധിക്കാത്ത ചില കാര്യങ്ങളുണ്ട്. ആ തടസ്സങ്ങൾ നീക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി വേണ്ട നടപടികൾ എടുക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: കമ്പി വലിച്ചുകെട്ടാൻ സാധിക്കാതെവരുന്നത് പലപ്പോഴും ടെലഫോൺലൈൻ ക്രോസ് ചെയ്യുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടാണ്. അങ്ങനെ വളരെയധികം ലൈൻ ചാർജ്ജു ചെയ്യാതെ കിടക്കുകയാണെന്നുള്ള വസ്തുതയെ പരിഗണിച്ച് രണ്ടു ഡിപ്പാർട്ടുമെന്റുകളും തമ്മിൽ ആലോചിച്ച് വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ആ നിർദ്ദേശം സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുഞ്ഞൻ: പഴയ അപേക്ഷകർക്ക് കണക്ഷൻ കൊടുക്കാതെ കിടക്കുന്ന ഈ സന്ദർഭത്തിൽ വീണ്ടും അപേക്ഷ ക്ഷണിച്ച് പുതിയ കണക്ഷൻകൊടുക്കുന്ന സംപ്രദായം ഇന്നു നിലവിലുണ്ട്. അത് അവസാനിപ്പിക്കാൻവേണ്ടി പുതിയ അപേക്ഷകരം ക്ഷണിക്കുന്നതിനു പകരം നിലവിലുള്ള അപേക്ഷകരം എത്രയുണ്ട്, അതിനുള്ള ഉപകരണങ്ങളുണ്ടോ എന്നു പരിഗണിച്ചുകൊണ്ട് പഴയ അപേക്ഷകർക്ക് കണക്ഷൻ കൊടുത്തുകഴിഞ്ഞതിനുശേഷം മാത്രം പുതിയ അപേക്ഷകരം ക്ഷണിക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ ഏതെങ്കിലും ജില്ലകളിൽ നടക്കുന്നുണ്ടോ എന്നറിയുകയില്ല. പഴയ അപേക്ഷകർക്ക് മുൻഗണന കൊടുക്കാനുള്ള നിർദ്ദേശം നൽകാവുന്നതാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: നാം ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രിസിറ്റി മുഴുവനും ഉപയോഗിക്കാൻ കഴിയാതെ വരുന്നത് ഡിസ്ട്രിബ്യൂഷനിലുള്ള തകരാറുകൊണ്ടാണെന്ന് ശ്രീ. കെ. പി. എസ്. നായരുടെ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളെപ്പറ്റി ഇപ്പോൾ പറയാൻ കഴിയുകയില്ല. ഡിസ്ട്രിബ്യൂഷനുവേണ്ടി കൂടുതൽ പണം നീക്കിവച്ചിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഗ്രാമവൈദ്യുതീകരണത്തിന് 300 വില്ലേജുകളാണ് തിരഞ്ഞെടുത്തതിൽ പാലക്കാട് ഡിസ്ട്രിക്ടിൽ മൂന്നു വില്ലേജുകളാണ് മാത്രമാണ് തിരഞ്ഞെടുത്തിട്ടുള്ളത്. അതിന് പ്രത്യേക വല്ല കാരണവുമുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസില്ലാതെ പറയാൻ പറ്റുകയില്ല.

ശ്രീ. ഈ. കെ. ഇമ്പിച്ചിബാവ: വിദ്യുച്ഛക്തി കൊടുക്കാമെന്നു ഗവൺമെന്റ് പറഞ്ഞിട്ടുണ്ടെങ്കിലും അതുകൊടുക്കാത്ത സ്ഥലങ്ങളിൽ മറ്റ് എന്തെങ്കിലും വിളക്ക് വയ്ക്കാനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. സി. അച്യുതമേനോൻ: അതിനു ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധ വേണമെന്നു തോന്നുന്നില്ല. മുൻസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും അത് ചെയ്യാം.

WRITTEN ANSWERS

മൽസ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണം

* 181 (702) ശ്രീ. പി. എം. അബൂബേക്കർ:

,, ടി. എം. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി സദയം മറുപടി നൽകുമോ;

(എ) മൽസ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് എന്തു പദ്ധതിയാണുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly